പുനരുദ്ധരിച്ച സീറോമലബാർ റാസക്രമം ഒരു വിശദീകരണം

Free Distribution
DVK Central Library
Bangalore - 560 029

ഫാ. സീലാസ് സി. എം. ഐ.
ഫാ. ജോസ് കണ്ടത്തിക്കുടി

204

പുനരുദ്ധരിച്ച സീറോമലബാർ റാസക്രമം ഒരു വിശദീകരണം

1986 ഫെബ്രുവരി 8-ാംതീയതി കോട്ടയത്തുവച്ച് ജോൺ പോൾ രണ്ടാമൻ പാപ്പാ അർപ്പിച്ച പുനരുദ്ധരിച്ച സീറോമലബാർ റാസക്രമം പ്രയോഗത്തിൽ വരുന്നപശ്ചാത്തലത്തിൽ സീറോമലബാർ ലിറ്റർജിയെപ്പറ്റി ചില വിചിന്തനങ്ങൾ സമർപ്പിക്കുകയാണ്. സഭാസമൂഹത്തിലെ എല്ലാ വ്യക്തികളെയും ആഴത്തിൽ സ്പർശിക്കുന്ന ഒരു വിഷയമെന്ന നിലയിൽ അർഹമായ ഗൗരവത്തോടും ചുമതലാബോധത്തോടും അജപാലന താല്പര്യത്തോടുംകൂടി വേണം ഈ വിഷയം അവതരിപ്പിക്കേണ്ടത് എന്നകാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാനിടയില്ലല്ലോ.

ദീർഘകാലമായി സീറോമലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗങ്ങളായി പ്രവർത്തിക്കുന്ന ഞങ്ങളുടെ അനുഭവസമ്പത്തും അഭിപ്രായങ്ങളും സീറോമലബാർ സഭാംഗങ്ങളുമായി പങ്കുവയ്ക്കേണ്ട ചരിത്രപരമായ ഒരാവശ്യം വന്നിരിക്കുന്നുവെന്ന ബോധ്യമാണ് ഈ വിശദീകരണക്കുറിപ്പ് തയ്യാറാക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. അസത്യങ്ങളും അർദ്ധസത്യങ്ങളും പല മാധ്യമങ്ങളിലൂടെയും പ്രചരിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഞങ്ങളുടെ അറിവിൽപ്പെട്ട ചില കാര്യങ്ങൾ സഭാംഗങ്ങളെ അറിയിക്കുകയാണ്.

സീറോമലബാർ സഭയിലെ ബഹുഭൂരിപക്ഷം മെത്രാൻമാരും വൈദികരും സന്യസ്തരും അല്മായരും താല്പര്യപൂർവ്വം പ്രതീക്ഷിച്ചിരുന്ന ഒരു കുർബാനക്രമമാണോ ഇപ്പോൾ നമുക്കു ലഭിക്കുന്നതെന്ന് അവധാനപൂർവ്വം ചിന്തിക്കേണ്ടതുണ്ട്. 1962-ൽ പുനരുദ്ധരിച്ച കുർബാനക്രമം നിലവിൽ വന്നപ്പോൾ ഉണ്ടായ പ്രതികരണങ്ങൾ പഴയതലമുറക്കാർ മറക്കാൻ സമയ

മായില്ല. ജനങ്ങൾക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ആരാധനക്രമത്തെപ്പറ്റി ദൈവജനത്തിന് ഒന്നും പറയാനില്ല എന്നുവന്നാൽ എന്താണു സംഭവിക്കുക എന്നതിനു നല്ലൊരു തെളിവായിരുന്നു അന്നത്തെ പ്രതികരണം. സീറോമലബാർ മെത്രാൻമാർക്കുപോലും 1962-ലെ കുർബാനക്രമം തയ്യാറാക്കുന്ന കാര്യത്തിൽ വേണ്ടത്ര ഭാഗഭാഗിത്വം ഇല്ലായിരുന്നു എന്നകാര്യവും ഇവിടെ സ്മരിക്കേണ്ടതുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസിനുള്ള ഒരുക്കങ്ങളും തകൃതിയായി നടക്കുന്ന ഒരവസരത്തിലാണ് പുനരുദ്ധാരണം മാത്രം ലാക്കാക്കി ടെക്സ്റ്റ് തയ്യാറാക്കിയത് എന്നത് ഒരു വിരോധാഭാസമായി തോന്നുന്നു.

1962-ൽ വൈദികരുടേയും ജനങ്ങളുടെയും പ്രതികൂല പ്രതികരണത്തിനു കാരണമായി ചിലർ ചൂണ്ടിക്കാണിക്കുന്നത് ബോധനത്തിന്റെ അഭാവമാണെന്നത്രേ. ബോധനത്തിന്റെ അഭാവമല്ല ഏറ്റവും പ്രധാനമായ കാരണം. വിശ്വാസികളുടെ ഭാഗഭാഗിത്വം അവശ്യം ഉണ്ടായിരിക്കേണ്ട ആരാധനക്രമം അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ പ്രബുദ്ധരായ കേരള സുറിയാനി ക്രിസ്ത്യാനികൾ പ്രതികരിക്കുമെന്നതിന് തെളിവായിരുന്നു അന്നത്തെ സംഭവങ്ങൾ.

മനുഷ്യനും ചലനാത്മകതയും

മനുഷ്യജീവിതം ചലനാത്മകമാണ്. ദൈനംദിനം മാറിക്കൊണ്ടിരിക്കുന്ന ജീവിതസാഹചര്യങ്ങളെയും പ്രശ്നങ്ങളെയും അവഗണിച്ചുകൊണ്ട് ജീവിക്കാൻ മനുഷ്യനാവില്ല. ലിറ്റർജി എന്നു പറയുന്നത് ആരാധനാപൂർവ്വം, പ്രാർത്ഥനാമനോഭാവത്തോടെ ദൈവവുമായി ബന്ധപ്പെട്ട് സ്തുതിയും ആരാധനയും കൃതജ്ഞതയും യാചനകളും അവിടുത്തേയ്ക്ക് സമർപ്പിക്കുന്ന പ്രക്രിയയാണ്. അനുദിന ജീവിതപശ്ചാത്തലത്തിൽനിന്നു വേറിട്ടുനിന്നുകൊണ്ട് ഇതു നിർവ്വഹിക്കാൻ മനുഷ്യനു സാധ്യമല്ല.

നൂറ്റാണ്ടുകൾ പഴക്കമുള്ള പുസ്തകങ്ങളിൽ കാണുന്നവ അതേപടി പഠിപ്പിച്ചാൽ 'ശരിയായ ബോധന'മായെന്നും അവയിൽ കാണുന്ന ആരാധനക്രമാനുഷ്ഠാന

ങ്ങൾ ആവർത്തിച്ചാൽ 'ശരിയായ പാരമ്പര്യ'മാണെന്നും മറ്റും ചിലരെങ്കിലും തെറ്റിദ്ധരിച്ചിട്ടുള്ളതായി തോന്നുന്നു. ഏതോ ഒരു നൂറ്റാണ്ടിൽ അന്നത്തെ ദൈവജനത്തിനുവേണ്ടി വിശുദ്ധരും പ്രഗത്ഭരുമായ സഭാപിതാക്കൻമാർ ഒരുക്കിയ പ്രാർത്ഥനാസമുച്ചയംതന്നെ ഇന്നത്തെ തലമുറയും ആവർത്തിക്കണമെന്നു പറയുക മനുഷ്യന്റെ ചലനാത്മകതയെപ്പറ്റിയുള്ള അജ്ഞത കൊണ്ടാണ്. ആ പിതാക്കൻമാർ അപ്രകാരം ആഗ്രഹിച്ചിരിക്കുമെന്ന് വിചാരിക്കാൻ ന്യായം കാണുന്നില്ല. ഇന്നു ജീവിക്കുന്ന മനുഷ്യനെ അവന്റെ എല്ലാ പ്രത്യേകതകളോടുംകൂടി ദൈവാരാധന നടത്താൻ സഹായിക്കുക എന്നതായിരിക്കണം ലിറ്റർജിയുടെ ധർമ്മം.

പാരമ്പര്യം

അപ്പോൾ പാരമ്പര്യമോ? പാരമ്പര്യം കാത്തുസൂക്ഷിക്കണമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. പാരമ്പര്യത്തിലെ വാക്കുകളോ ആചാരങ്ങളോ ആംഗ്യങ്ങളോ അല്ല ശാശ്വതീകരിക്കേണ്ടത്. മറിച്ച്, വിശ്വാസത്തിന്റെയും ആരാധനയുടെയും അനുഭവമാണ്. വി. തോമാശ്ലീഹായ്ക്കോ, ആദിമ ക്രൈസ്തവ സഭാംഗങ്ങൾക്കോ ഉണ്ടായിരുന്ന ക്രിസ്ത്വനുഭവം പിൻതലമുറക്കാർക്ക് ലഭ്യമാകണമെങ്കിൽ അവരെ ആ അനുഭവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ഇന്നു നാം സൃഷ്ടിക്കണം. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ പാർശ്വത്തിൽ വിരലിടാൻ യേശു അനുവദിച്ചപ്പോഴാണല്ലോ വി. തോമാശ്ലീഹായ്ക്ക് 'അനുഭവം' ഉണ്ടായത്. നമുക്കിന്ന് അത് അസാധ്യമാണ്. അപ്പത്തിലും വീഞ്ഞിലും സന്നിഹിതനാകുന്ന യേശു വേണം നമ്മിൽ ആ 'അനുഭവം' ജനിപ്പിക്കാൻ. സുറിയാനി സഭാപിതാവായ നർസായി ഒരു പ്രത്യേക കാലഘട്ടത്തിലെ ജനത്തെ ആരാധിക്കാൻ സഹായിച്ച മാർഗ്ഗം ആകണമെന്നില്ല ഇരുപതാം നൂറ്റാണ്ടിലെ ക്രൈസ്തവസമൂഹം സ്വീകരിക്കുക. അതുകൊണ്ട് പാരമ്പര്യമെന്ന ലേബലിൽ പഴയ പുസ്തകങ്ങളിലെ പ്രാർത്ഥനകളും പ്രതീകങ്ങളും അതേപടി സ്വീകരിച്ചാൽ 'പുരാവസ്തുഗവേഷണ'ത്തിന്റെ മേഖലയിൽ നാം എത്തും. പരമ്പരാഗതമായി ഉപയോഗിക്കുന്ന പ്രാർത്ഥനകളും അതിലെ ആശയങ്ങളും പ്രതീകങ്ങളും ആചാരാനുഷ്ഠാനങ്ങളും വസ്തുനിഷ്ഠമായി വിലയിരുത്തി തള്ളേണ്ട

വയെ തള്ളാനും കൊള്ളേളണ്ടവയെ കൊള്ളാനും കഴിയണമെങ്കിൽ മുൻവിധികളോടു വിടപറഞ്ഞ് ഇന്ന് ഇവിടത്തെ മനുഷ്യർക്കുവേണ്ടിയാണ് ലിറർജി എന്ന അവബോധം നമ്മിൽ അങ്കുരിപ്പിക്കണം. ഇതു പ്രാവർത്തികമാക്കുമ്പോഴും പാരമ്പര്യത്തിൽ നിന്ന് പിതാക്കൻമാരുടെ മാതൃക നാം സ്വീകരിക്കണം.

രണ്ടാം വത്തിക്കാൻ സൂനഹദോസും ആരാധനക്രമവും

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ആരാധനക്രമത്തെപ്പറ്റിയുള്ള ഡിക്രി ഇക്കാര്യത്തിൽ ആഗോളസഭയ്ക്കു നല്കിയ നിർദ്ദേശങ്ങളിൽ വിലപ്പെട്ടതാണ്. അവയെ അപ്പാടെ കണ്ടില്ലെന്നു നടിച്ച് ആരാധനക്രമം പുനരുദ്ധരിക്കുക സഭാ ചരിത്രത്തോടു ചെയ്യാവുന്ന വലിയൊരു അപരാധമായിരിക്കും. ആവശ്യമെന്നു തോന്നുന്നിടത്തു ശരിയായ പാരമ്പര്യത്തിന്റെ മനോഗതിക്കനുസരണം റീത്തുകളെ സസൂക്ഷ്മം പുനഃപരിശോധന ചെയ്യണമെന്നു പറയുന്ന സൂനഹദോസ് അതേ വാക്യത്തിൽ കൂട്ടിച്ചേർത്തിരിക്കുന്നു, ആധുനികകാലത്തിന്റെ ആവശ്യങ്ങളെയും സാഹചര്യങ്ങളെയും നേരിടാൻ പോരുന്ന പുത്തൻ ചൈതന്യം അവയ്ക്ക് ഉണ്ടാകണമെന്ന് (നമ്പർ 4). ബോധപൂർവ്വവും സജീവവും ഫലദായകവുമായ രീതിയിൽ വിശ്വാസികളെ ലിറർജിയിൽ പങ്കെടുക്കാൻ പര്യാപ്തമായ മാർഗ്ഗങ്ങളും സ്വീകരിക്കണമെന്ന് കൗൺസിൽ പറയുന്നുണ്ട് (നമ്പർ 11). ആരാധനക്രമം പുനഃസംവിധാനം ചെയ്യുമ്പോഴും വിശ്വാസികളുടെ പൂർണ്ണവും ക്രിയാത്മകവുമായ ഭാഗഭാഗിത്വം ലക്ഷ്യമാകണമെന്നും അക്കാര്യത്തിൽ അജപാലകൻമാർ പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശമുണ്ട് (നമ്പർ14). പക്ഷേ ഇതു ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ ലിറർജിയിൽ പങ്കെടുക്കുന്നവരുടെ പ്രായം, പരിതഃസ്ഥിതികം, ജീവിതരീതി, മതപരവും സാംസ്കാരികവുമായ നിലവാരം എന്നിവ കണക്കിലെടുക്കണമെന്നും കൗൺസിൽ ആവശ്യപ്പെടുന്നു (നമ്പർ 19).

ശ്രദ്ധേയമായ മറ്റുചില നിർദ്ദേശങ്ങളും കൗൺസിൽ നല്കുന്നുണ്ട്. ആരാധനക്രമത്തിൽ പരിവർത്ത

നാതീതമായ ദൈവസ്ഥാപിത ഘടകങ്ങളും പരിവർത്തനവിധേയമായ ഘടകങ്ങളുമുണ്ട്. പരിവർത്തനവിധേയമായ ഘടകങ്ങളിൽ ആവശ്യമെങ്കിൽ കാലോചിതമായ മാറ്റങ്ങളും വരുത്താവുന്നതും വരുത്തേണ്ടതുമാണെന്നാണ് കൗൺസിലിന്റെ അഭിപ്രായം (നമ്പർ 21). നമ്പർ 34-ൽ പറയുന്നതു പ്രത്യേകം ശ്രദ്ധാർഹമാണ്: തിരുക്കർമ്മങ്ങളിൽ വിശിഷ്ടമായ ലാളിത്യം തെളിഞ്ഞു നില്ക്കണം, അവ ഹൃസ്വവും വ്യക്തവുമായിരിക്കണം. അനാവശ്യ ആവർത്തനങ്ങളും ഉണ്ടാകയുമരുത്. വിശ്വാസികളുടെ ഗ്രഹണശക്തിയിൽ അവ ഒതുങ്ങിനില്ക്കണം. അതുപോലെ തന്നെ, സാധാരണഗതിയിൽ അധികം വിശദീകരണം ആവശ്യപ്പെടാത്തവയുമാകേണ്ടതാണ്.

സാംസ്ക്കാരികാനുരൂപണത്തെപ്പറ്റിയും വ്യക്തമായ നിർദ്ദേശങ്ങളും കൗൺസിൽ പിതാക്കന്മാർ നല്കിയിട്ടുണ്ട്. ആരാധനക്രമത്തിൽപോലും, വിശ്വാസമോ പൊതുനന്മയോ ഉൾപ്പെടാത്ത കാര്യങ്ങളിൽ കർക്കശമായ ഐക്യരൂപം അടിച്ചേൽപ്പിക്കാൻ സഭയ്ക്ക് ആഗ്രഹമില്ല, മറിച്ച് വിവിധ വർഗ്ഗക്കാർക്കും ജനവിഭാഗങ്ങൾക്കുമുള്ള ആദ്ധ്യാത്മിക സമ്പത്തുകളെയും വൈഭവങ്ങളെയും അവയെ മാനിക്കുകയും കൈവളർത്തുകയും ചെയ്യുന്നു. നല്ലതെങ്കിൽ അവ ആരാധനക്രമത്തിൽ ഉൾപ്പെടുത്താൻ പോലും സഭ തയ്യാറാണെന്നു പിതാക്കന്മാർ അഭിപ്രായപ്പെടുന്നു (നമ്പർ 32).

ഇത്രയും വിശാലവും ചലനാത്മകവും അജപാലനാപരവുമായ നിർദ്ദേശങ്ങൾ 4 നൂ എതിരെ 2147 പിതാക്കന്മാരുടെ വോട്ടുകളോടെ പാസാക്കി നടപ്പിൽ വരുത്താൻ തീരുമാനിച്ചിട്ട് വർഷങ്ങൾ 20 കഴിഞ്ഞു. എന്നിട്ടും സീറോമലബാർ സഭ 'പുനരുദ്ധാരണം' എന്ന ചിന്തയിൽനിന്നു ഇനിയും ഉയിർത്തെഴുന്നേറ്റിട്ടില്ലെന്നത് പരിതാപകരമാണ്. പുനരുദ്ധാരണത്തോടൊപ്പം അനുരൂപണവും ആവശ്യമാണെന്ന കൗൺസിൽ നിർദ്ദേശം തള്ളിക്കളയാൻ നമുക്കാവില്ലല്ലോ. പക്ഷേ ഇന്നു അതാണ് സീറോമലബാർ സഭയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

1962 മുതൽ ഇങ്ങോട്ട്

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ വേണം 1962-ലെ കുർബാനയോടുള്ള പ്രതികരണങ്ങളെ വിലയിരുത്താൻ. 1962 ജൂലൈ 3-ാം തീയതിയാണ് ഭാഗികമായി സുറിയാനിയിലും മലയാളത്തിലുമായി അച്ചടിച്ച കുർബാനക്രമം പ്രയോഗത്തിൽ വന്നത്. സുറിയാനിയിൽ നിന്നുള്ള പദാനുപദ തർജ്ജമയും കുർബാനയുടെ ദൈർഘ്യവും അതിലെ ചില അനുഷ്ഠാനങ്ങളും മറ്റും പരക്കെ അസ്വീകാര്യങ്ങളായിരുന്നു. അത് പല പരാതികൾക്കും ഇടയാക്കി. ആ പരാതികളും അഭ്യർത്ഥനകളും പൗരസ്ത്യതിരുസംഘം പരിഗണിച്ചു. അതിന്റെ ഫലമായി 1963 ഡിസംബർ 3-ാം തീയതിയിലെ ഡിക്രിയിലൂടെ ചില വ്യതിയാനങ്ങളും വെട്ടിച്ചുരുക്കലുകളും മറ്റും വരുത്താൻ പൗരസ്ത്യതിരുസംഘം അനുവദിച്ചു.

അപ്പോഴേയ്ക്കും രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഥമ പ്രമാണരേഖയായ ആരാധനാക്രമത്തെപ്പറ്റിയുള്ള കോൺസ്റ്റിറ്റ്യൂഷൻ പുറപ്പെടുവിച്ചു. കൃത്യമായി പറഞ്ഞാൽ 1963 ഡിസംബർ 4-ാം തീയതി. അതിന്റെ വെളിച്ചത്തിൽ ആരാധനാക്രമം പരിഷ്ക്കരിക്കണമെന്ന ചിന്ത പരക്കെ വ്യാപിച്ചു. തത്ഫലമായി 1962 ലെ പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമം രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ ചൈതന്യം ഉൾക്കൊണ്ടിട്ടില്ലെന്ന ചിന്ത രൂഢമൂലമായി. അങ്ങനെയാണ് പരിഷ്ക്കരിച്ചതും ചെറിയതോതിൽ അനുരൂപണം വരുത്തിയതുമായ കുർബാനക്രമം 1968 ൽ പരീക്ഷണാർത്ഥം പ്രയോഗത്തിൽ വന്നത്.

പിന്നീടുള്ള ഏർപ്പാടുകളും പരീക്ഷണങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാലഘട്ടമായിരുന്നു. റോമിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ എല്ലാവർക്കും സ്വീകാര്യമായ ഒരു കുർബാന ടെക്സ്റ്റ് തയ്യാറാക്കുന്നതിനുള്ള ശ്രമത്തിലേർപ്പെട്ടു സീറോമലബാർ വൈദികമേലദ്ധ്യക്ഷ സമിതിയും സീറോമലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റിയും. അങ്ങനെ 1981-ൽ റോമിനു സമർപ്പിച്ച ടെക്സ്റ്റ് സ്വീകാ

ര്യമല്ലെന്ന് പൗരസ്ത്യ തിരുസംഘം വിധിച്ചു. പുതിയ ടെക്സ്റ്റ് ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം 1983-ൽ നല്കി. സാധാരണ കുർബാന (Simple Mass) യുടെ ടെക്സ്റ്റിനു പകരം സീറോ മലബാർ പാരമ്പര്യത്തിലെ ഏറ്റവും ആഘോഷപൂർവ്വമായ റാസയുടെ ടെക്സ്റ്റിനാണ് രൂപം നല്കേണ്ടതെന്നും 1983-ലെ നിർദ്ദേശത്തിൽ പറഞ്ഞിരുന്നു. അതനുസരിച്ച് 1983 ഡിസംബറിൽ സമ്മേളിച്ച സീറോ മലബാർ ബിഷപ്സ് കോൺഫറൻസിൽ റാസ ടെക്സ്റ്റിനു രൂപം നല്കാനുള്ള നിർദ്ദേശം ബിഷപ് ജോസഫ് കുണ്ടുകുളം സമർപ്പിച്ചു. മൂന്നു കാര്യങ്ങളും മുന്നിൽ കണ്ടുകൊണ്ടുവേണം ടെക്സ്റ്റ് തയ്യാറാക്കാനെന്ന് ബിഷപ്സ് കോൺഫറൻസ് തീരുമാനിച്ചു: (1) റോമൻ രേഖകളും നിർദ്ദേശങ്ങളും (2) നമ്മുടെ ആരാധനാക്രമത്തിന്റെ ചൈതന്യം (3) നമ്മുടെ അജപാലനാവശ്യങ്ങളും (റിപ്പോർട്ടു പേജ് 2-3). റാസക്രമം ശരിയാക്കിയതിനു ശേഷം Simple Mass-ൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചു പിന്നീട് ചർച്ച ചെയ്തു തീരുമാനിക്കാം എന്ന ചിന്തയാണ് അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശത്തിനു പിന്നിലുണ്ടായിരുന്നത്. ഈ ധാരണതന്നെയാണ് ബഹുഭൂരിപക്ഷം മെത്രാൻമാർക്കും സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റിഅംഗങ്ങൾക്കും റാസയ്ക്കുവേണ്ടി പ്രത്യേകം രൂപീകരിച്ച സബ് കമ്മറ്റിഅംഗങ്ങൾക്കും ഉണ്ടായിരുന്നത്. അങ്ങനെ സബ്കമ്മറ്റി അഭിപ്രായ ഐക്യത്തോടെ തയ്യാറാക്കിയ റാസടെക്സ്റ്റ് 1985 ഫെബ്രുവരി 6-ാം തീയതി സമ്മേളിച്ച സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റിയിൽ ചർച്ചക്കു വന്നു. കമ്മറ്റിയിലെ ചില അംഗങ്ങൾ പ്രകടിപ്പിച്ച പിടിവാശിയും നിർബന്ധബുദ്ധിയും കാരണം ടെക്സ്റ്റ് ചർച്ച ചെയ്യാൻ സാധിക്കാതെ സെൻട്രൽ കമ്മറ്റി പിരിഞ്ഞു.

വിഷയം വീണ്ടും ബിഷപ്സ് കോൺഫറൻസിൽ എത്തി. സെൻട്രൽ കമ്മറ്റിക്ക് തീരുമാനം എടുക്കാൻ സാധിക്കാതെ വന്നുവെന്ന ന്യായം പറഞ്ഞ് ടെക്സ്റ്റ് തയ്യാറാക്കുന്നതിന് മൂന്നു മെത്രാൻമാരുടെ ഒരു സ്പെഷ്യൽ കമ്മറ്റിയെ ബിഷപ്സ് കോൺഫറൻസ് നിയമിച്ചു. (ഈ വിഷയം മുൻകൂട്ടി നല്കിയ അജണ്ടയിൽ ഉണ്ടായിരുന്നതല്ല. നല്ലൊരു ശതമാനം മെത്രാൻമാർ ആ മീറ്റിംഗിൽ സംബന്ധിച്ചിരുന്നുമില്ല). ആവശ്യാനു

സരണം സെൻട്രൽ കമ്മറിയുടെയും മറ്റു വിദഗ്ദ്ധൻ മാരുടെയും അഭിപ്രായങ്ങൾ ആരായുന്നതിനുള്ള നിർദ്ദേശങ്ങൾ ബിഷപ്സ് കോൺഫറൻസ് സ്പെഷ്യൽ കമ്മറിക്കു നല്കി. സ്പെഷ്യൽ കമ്മറി റാസയുടെ സബ്കമ്മറിയേയും, സെൻട്രൽകമ്മറിയേയും ഓരോ പ്രാവശ്യം വിളിച്ചുകൂട്ടി അഭിപ്രായങ്ങൾ ആരാഞ്ഞു. അതിനുശേഷം എന്തു സംഭവിച്ചുവെന്നതിനെപ്പറ്റി വ്യക്തമായ അറിവ് ലിറ്റർജിക്കുവേണ്ടിയുള്ള സീറോ മലബാർ ബിഷപ്സ് കോൺഫറൻസിന്റെ കമ്മീഷൻ സെക്രട്ടറിക്കുപോലുമില്ല! അദ്ദേഹം തന്നെയാണ് സെൻട്രൽ ലിറ്റർജിക്കൽ കമ്മറിയുടെ കൺവീനറും. വളരെ രഹസ്യമായി, ലിറ്റർജിയിൽ കാലോചിതമായ പരിഷ്കാരങ്ങൾ ആവശ്യമാണെന്നു വാദിച്ചിരുന്ന എല്ലാ വിദഗ്ദ്ധരേയും ഒഴിവാക്കി, പുനരുദ്ധാരണം

മതിയെന്ന ചിന്താഗതിക്കാരായ ഒന്നുരണ്ടുപേരെ മാത്രം ഉൾപ്പെടുത്തിയിട്ടാണ് റാസക്രമം തയ്യാറാക്കിയെന്നതിന് കോട്ടയത്തു മാർപ്പാപ്പാ ഉപയോഗിച്ച ടെക്സ്റ്റ് തെളിവു നല്കുന്നു. എന്തിനേറെ, മലയാളഭാഷാശൈലിയോടുപോലും നീതി പുലർത്താത്ത, മിക്കവാറും സുറിയാനിഭാഷയിൽനിന്ന് പദാനുപദം നടത്തിയ പരിഭാഷയാണ് പുനരുദ്ധാരണത്തിന്റെ പേരിൽ നമുക്ക് ഇന്നു ലഭ്യമായിരിക്കുന്ന റാസടെക്സ്റ്റ്. പദാനുപദമല്ല ലിറ്റർജിക്കൽ ഗ്രന്ഥങ്ങളുടെ വിവർത്തനം നടത്തേണ്ടതെന്ന് 1969 ജനുവരി 25-ാം തീയതി വത്തിക്കാനിൽനിന്നുതന്നെ നിർദ്ദേശം നല്കിയിട്ടുണ്ടെന്ന വസ്തുത ഇവിടെ പ്രസ്താവ്യമാണ്. (Instructions on Translation of Litergical Texts No. 20) വിവർത്തനം ചെയ്യപ്പെടുന്ന ഭാഷയുടെ പ്രത്യേകതകൾ പരിഗണിക്കണമെന്ന നിർദ്ദേശം (No. 6) നമ്മുടെ ടെക്സ്റ്റ് കണക്കിലെടുത്തിട്ടേയില്ല. അജപാലന ആവശ്യങ്ങൾകൂടി പരിഗണിച്ചിട്ടുവേണം ടെക്സ്റ്റ് തയ്യാറാക്കാനെന്ന 1983 ഡിസംബർ മാസത്തിലെ ബിഷപ്സ് കോൺഫറൻസിന്റെ തീരുമാനവും പ്രാവർത്തികമാക്കിയിട്ടില്ല.

ഇത്തരത്തിലുള്ള ഒരു ടെക്സ്റ്റിനു് എന്തുകൊണ്ട് പൗരസ്ത്യതിരുസംഘം അംഗീകാരം നല്കി എന്ന വലിയ പ്രശ്നം ഇവിടെ ഉദിക്കുന്നു. റാസക്രമം അംഗീകരിക്കാൻ 1985 നവംബറിൽ സമ്മേളിച്ച ബിഷപ്സ്

കോൺഫറൻസിലെ ഭൂരിപക്ഷം മെത്രാൻമാരും അതിന് അംഗീകാരം നല്കുന്നതിന് സമ്മതം ഉള്ളവരായിരുന്നില്ലെന്ന് വിശ്വസനീയമായി അറിയുന്നു. സീറോ മലബാർ ബിഷപ്സ് കോൺഫറൻസിലെ പുനരുദ്ധാരണവാദികളായ ന്യൂനപക്ഷ മെത്രാൻമാരുടെ അഭിപ്രായംമാത്രം അംഗീകരിക്കുന്ന ഒരു പ്രവണത പൗരസ്ത്യ തിരുസംഘത്തിനുണ്ടായിരുന്നുവെന്നത് സൂക്ഷ്മദൃക്കുകൾക്ക് അറിയാവുന്ന വസ്തുതയാണ്. 1980-ലും 1983-ലും 1985-ലും പൗരസ്ത്യതിരുസംഘം നല്കിയ നിർദ്ദേശരേഖകളും ഇതിനു സാക്ഷ്യം വഹിക്കുന്നു. ഈ പശ്ചാത്തലത്തിൽ ന്യൂനപക്ഷത്തിന്റെ സ്വാധീനത്തിൽ പൗരസ്ത്യതിരുസംഘം എടുത്ത തീരുമാനങ്ങൾക്ക് വഴങ്ങാൻ നമ്മുടെ ഭൂരിപക്ഷം വരുന്ന മെത്രാൻമാർ നിർബന്ധിതരായി എന്നതാണ് വസ്തുത. എന്നിട്ടും റാസ ടെക്സ്റ്റ് 'അംഗീകരിക്കുന്നു' (approve) എന്ന് എഴുതാൻ അവരുടെ മനസ്സ് അനുവദിച്ചില്ല. അതിനുപകരം ടെക്സ്റ്റ് 'ഞങ്ങൾ കണ്ടു' (we have seen) എന്നാണ് ബിഷപ്സ് കോൺഫറൻസ് പൗരസ്ത്യതിരുസംഘത്തെ അറിയിച്ചത്. അങ്ങനെ സീറോ മലബാർ സഭയിലെ ഭൂരിപക്ഷം മെത്രാൻമാർക്കും സ്വീകാര്യമല്ലാത്ത ഒരു റാസക്രമമാണ് ചില വ്യക്തികളുടെയും സാഹചര്യങ്ങളുടെയും സമ്മർദ്ദത്തിനു വിധേയമായി പൗരസ്ത്യതിരുസംഘം അംഗീകരിക്കാൻ കാരണമായത്.

1986 ഫെബ്രുവരിയിൽ ചാവറ കുര്യാക്കോസച്ചനേയും അൽഫോൻസാമ്മയേയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുന്ന ചടങ്ങുകൾ സീറോമലബാർ ആരാധനക്രമത്തിൽ നടത്തണമെന്ന ചിന്ത ഒരു ടെക്സ്റ്റ് പ്രയോഗത്തിൽ കൊണ്ടുവരേണ്ട അടിയന്തിരാവസ്ഥയും സൃഷ്ടിച്ചു. അപ്പോഴും ഒരു പ്രതീക്ഷ ഉണ്ടായിരുന്നു. സാധാരണ കുർബാന (Simple Mass) പരിഷ്കരിച്ചതും അനുരൂപപ്പെടുത്തിയതും ആയിരിക്കുമല്ലോ എന്ന്. പക്ഷെ ആ ധാരണ അസ്ഥാനത്താണെന്നു തോന്നുന്നു. ഭൂരിപക്ഷം മെത്രാൻമാരുടെയും സെൻട്രൽ കമ്മറ്റിയുടേയും സബ് കമ്മറ്റിയുടേയും പ്രതീക്ഷകളും കണക്കുകൂട്ടലുകളും തെറ്റിച്ചുകൊണ്ട് ഇപ്പോൾ കേൾക്കുന്നു, റാസയുടെ പ്രാർത്ഥനകളും ഗീതങ്ങളും ഒഴിവാക്കിയാൽ സാധാരണ കുർബാനക്രമം

ആകുമെന്ന്. റാസക്രമം പല കാരണങ്ങളാലും അസാധ്യകാര്യമാണെങ്കിലും സാധാരണ ഉപയോഗിക്കേണ്ടിവരില്ലല്ലോ എന്നോർത്ത് ആശ്വസിച്ചിരുന്നവർ അതീവ ദുഃഖത്തോടെയാണ് സാധാരണ കുർബാനക്രമത്തെപ്പറ്റിയുള്ള വാർത്ത കേൾക്കുന്നത്. പക്ഷേ ഇനിയും സമയം വൈകിയിട്ടില്ല. സാധാരണ കുർബാനയിൽ വരുത്താൻ സാധിക്കുന്ന പരിഷ്ക്കരണങ്ങളെപ്പറ്റി ബിഷപ്സ് കോൺഫറൻസിനു ചിന്തിക്കാൻ അവകാശമുണ്ട്. ലിറ്റർജിക്കൽ കമ്മറ്റിയുടെ അഭിപ്രായങ്ങളും ആരായാൻ അവസരമുണ്ട്. പക്ഷേ എത്രയും വേഗം വേണമെന്നു മാത്രം.

കോട്ടയത്തെ റാസയും ചില വിചിന്തനങ്ങളും

കോട്ടയത്തു പ. പിതാവ് അർപ്പിച്ച റാസ എന്തെന്തു പ്രതികൂല പ്രതികരണങ്ങളാണ് അതിൽ പങ്കെടുത്തവരിൽ സൃഷ്ടിച്ചതെന്ന് അനുഭവസ്ഥർക്ക് അറിവുള്ളതാണല്ലോ. ആ റാസയ്ക്കു മുമ്പും പിമ്പും അതിന്റെ സവിശേഷതകളെപ്പറ്റി പ്രഖ്യാപനങ്ങളുണ്ടായി. മാർപാപ്പ ഉദ്ഘാടനം ചെയ്യുമെന്ന് പ്രത്യേകം പ്രസ്താവിക്കപ്പെട്ടു. പക്ഷേ ഇത്ര പ്രാധാന്യം അർഹിക്കുന്ന ഒരു കാര്യമാണ് താൻ ചെയ്യുന്നതെന്ന വസ്തുത മാർപാപ്പ തന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകപോലുമുണ്ടായില്ല എന്നത് പ്രാധാന്യമർഹിക്കുന്നു. അതുകൊണ്ട്, വാക്കിലൂടെ മാത്രമല്ല പ്രവൃത്തികൊണ്ടുകൂടിയാണ് പ. പിതാവ് നമുക്ക് നിർദ്ദേശങ്ങൾ നല്കുക എന്നു പറഞ്ഞ് ചിലർക്ക് ആശ്വസിക്കേണ്ടിവന്നു!

പുനരുദ്ധരിച്ച റാസയുടെ ദൈർഘ്യം പ. പിതാവിൽപ്പോലും ആശ്ചര്യം ഉണർത്തിയതായിട്ടാണ് അദ്ദേഹവുമായി നടത്തിയ ഒരു 'അഭിമുഖ'ത്തിൽനിന്നും മനസ്സിലാകുന്നത് (ദൂക്റാന, മാർച്ച് 1986, പേജ് 27). ഈ കുർബാനയ്ക്ക് വി. ക്രിസോസ്റ്റോമുമായി വല്ല ബന്ധവുമുണ്ടോ? ഏതു നൂറ്റാണ്ടിലാണ് ഇത് ഉടലെടുത്തത്? തുടങ്ങിയ പ. പിതാവിന്റെ ചോദ്യങ്ങളും ഈ ടെക്സ്റ്റ് അംഗീകരിക്കുന്നതിനു മുൻപ് മാർപാപ്പ നേരിട്ട് ഇത് പരിശോധിച്ചിട്ടില്ല എന്നതിന് സാക്ഷ്യം നൽകുന്നു. മാർപാപ്പ അംഗീകരിച്ചതാണ്,

ഇനി ഒന്നും ചെയ്യാനില്ല എന്ന ചില തല്പരകക്ഷികളുടെ അമിതാവേശത്തിൽ കഴമ്പില്ല എന്നത് സുവ്യക്തമാണല്ലോ.

റോമിൽ നിന്ന് വരുന്ന എല്ലാ രേഖകളും പ. പിതാവ് കാണാറില്ലെന്നത് സത്യമാണ്. അത് അസാദ്ധ്യവുമാണല്ലോ. പക്ഷേ സീറോ മലബാർ സഭയുടെ ആരാധനക്രമത്തിന്റെ കാര്യത്തിൽ മാർപാപ്പായ്ക്കും പൗരസ്ത്യ തിരുസംഘത്തിനും പ്രത്യേക താല്പര്യമുണ്ടെന്നു ധ്വനിപ്പിക്കുന്ന പ്രസ്താവനകളും മറ്റും പ്രചരിച്ചിരിക്കുന്നതിന്റെ പേരിൽ ഇക്കാര്യം സൂചിപ്പിച്ചുവെന്നേയുള്ളു. ഏതോ ഒരുവലിയ ചടങ്ങുനിർവ്വഹിക്കുന്നതുപോലെയാണ് പൗരസ്ത്യതിരുസംഘം റാസക്കുർബാന അംഗീകരിച്ച ഡിക്രി പ്രസിദ്ധപ്പെടുത്തിയതത്രേ. ആ 'വലിയ' ചടങ്ങിൽ പൗരസ്ത്യതിരുസംഘത്തിന്റെ പരമാധികാരിയായ കർദ്ദിനാൾ പ്രീഫെക്ടോ ഉണ്ടായിരുന്നില്ല എന്നറിയുന്നു.

കോട്ടയത്ത് റാസക്കുർബാന ചൊല്ലി കൃത്യം 6 ദിവസം കഴിഞ്ഞപ്പോൾ (ഫെബ്രുവരി 14, 1986) റോമിൽ സമ്മേളിച്ച കൽദായ മെത്രാൻമാരോട് പ. പിതാവു പറഞ്ഞ ചില കാര്യങ്ങൾ ഇവിടെ പ്രസക്തമാണ്. "അഞ്ചുവർഷങ്ങൾക്കു മുൻപ് കൽദായ ആരാധനക്രമം പരിഷ്ക്കരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയുണ്ടായി. സഭയിലെ അജപാലകരായ നിങ്ങളെയാണ് പ്രധാനമായും ആ ജോലി ഏല്പിച്ചിരിക്കുന്നത്. അതുകൊണ്ട് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ചൈതന്യത്തിലും പൗരസ്ത്യതിരുസംഘത്തിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിലും ആരാധനക്രമ പരിഷ്കരണം നിർവ്വഹിക്കണമെന്ന് വീണ്ടും ഞാൻ അഭ്യർത്ഥിക്കുന്നു" (Osservatore Romano, Feb 24, 1986, P.3). അങ്ങനെ കൽദായക്കാർ പരിഷ്ക്കരിക്കണമെന്ന് മാർപാപ്പാ ആവശ്യപ്പെടുന്ന ആരാധനക്രമം പരിഷ്ക്കരണമോ, അനുരൂപണമോ കൂടാതെ അതിന്റെ പുരാതന രൂപത്തിൽ സ്വീകരിക്കാൻ സീറോമലബാർസഭ തയ്യാറാവുന്നത് വലിയൊരു വിരോധാഭാസമായി തോന്നുന്നു. കോട്ടയത്തെ റാസ പ. പിതാവിലും അദ്ദേഹത്തെ അനുധാവനം ചെയ്ത പ്രശസ്ത അതിഥികളിലും സൃഷ്ടിച്ച പ്രതികരണങ്ങളാണോ അങ്ങനെ ഒരു പ്രഭാഷണം

കൽദായ മെത്രാൻമാരുടെ മുമ്പാകെ നടത്താൻ മാർപാപ്പായെ പ്രേരിപ്പിച്ചതെന്ന് ന്യായമായും സംശയിക്കാവുന്നതാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിനു മുൻപ് 1957ൽ 12-ാം പീയൂസ് മാർപാപ്പാ പുനരുദ്ധാരണാർത്ഥം അംഗീകരിച്ച ഒരു ടെക്സ്റ്റിന്റെ അടിസ്ഥാനത്തിലാണ് 1986 ലെ ടെക്സ്റ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന വസ്തുത പ്രത്യേകം ശ്രദ്ധാർഹമായിരിക്കുന്നു.

പൗരസ്ത്യതിരുസംഘത്തിന്റെ വിശാലമനോഭാവം

സീറോ മലബാർ സഭയുടെ ആവശ്യങ്ങളും അഭിലാഷങ്ങളും കാര്യകാരണസഹിതം പൗരസ്ത്യതിരുസംഘത്തെ അറിയിക്കാനുള്ള വലിയ അജപാലന ഉത്തരവാദിത്വം ബിഷപ്സ് കോൺഫറൻസിനുണ്ടെന്ന വസ്തുത അവിതർക്കിതമാണല്ലോ. 1980ൽ അഭിവന്ദ്യപിതാക്കൻമാർ ഔദ്യോഗിക സന്ദർശനത്തിനായി റോമിൽ പോയ അവസരത്തിൽ അന്നത്തെ പൗരസ്ത്യതിരുസംഘം പ്രീഫെക്റ്റ് കർദിനാൾ റൂബിൻ നല്കിയ ചില നിർദ്ദേശങ്ങളും സ്വീകാര്യങ്ങളല്ല എന്ന് ഭൂരിപക്ഷം മെത്രാൻമാരും അറിയിച്ചപ്പോഴും കർദിനാൾ റൂബിൻ തന്റെ തീരുമാനത്തിൽ വ്യതിയാനങ്ങളും വരുത്തുകയുണ്ടായി. 1983-ൽ കുർബാന ടെക്സ്റ്റിനെപ്പറ്റി പൗരസ്ത്യതിരുസംഘം നല്കിയ നിർദ്ദേശങ്ങളിൽ ചിലത് സ്വീകാര്യങ്ങളല്ലെന്ന് ഭൂരിപക്ഷം മെത്രാൻമാർ അയച്ച മെമ്മോറാണ്ടത്തിൽ അറിയിച്ചതിന്റെ പേരിൽ അന്നത്തെ തീരുമാനങ്ങളിൽ പലതും മാറ്റിക്കുറിക്കുവാൻ 1985-ലെ രേഖയിൽ പൗരസ്ത്യതിരുസംഘം തയ്യാറായി എന്നതും റോമിന്റെ മനോഭാവത്തിലുള്ള വിശാലത വ്യക്തമാക്കുന്നതാണ്. ഇപ്പോഴത്തെ വ്യതിയാനങ്ങൾക്ക് ഉദാഹരണങ്ങളും താഴെ ചേർക്കുന്നുണ്ട്. ഇതിൽനിന്ന് ഒരു വസ്തുത വളരെ വ്യക്തമാണ്. പൗരസ്ത്യതിരുസംഘം എന്തുതന്നെ തീരുമാനിച്ചാലും നമ്മുടെ അഭിവന്ദ്യ പിതാക്കൻമാർ കാര്യകാരണസഹിതം ന്യായമായ ആവശ്യങ്ങളും ഉന്നയിച്ചാൽ അവയെ അംഗീകരിക്കാൻ റോമിനു മടിയില്ല. അതുകൊണ്ട് ഇനിയും ചർച്ചകളാകാം, നിർദ്ദേശങ്ങളും വയ്ക്കാം. പൗരസ്ത്യതിരുസംഘത്തെ നമ്മുടെ അജപാലനാവശ്യങ്ങളുടെ വെളിച്ചത്തിൽ വസ്തുതകളും ധരിപ്പിക്കുക

യെന്ന വലിയ ഉത്തരവാദിത്വത്തിൽനിന്ന് നാം പിൻ മാറുക അനുചിതമാണ്. മാത്രമല്ല "പൗരസ്ത്യസഭകളെപ്പോലെതന്നെ തങ്ങളുടെ പ്രത്യേക ശിക്ഷണത്തിനനുസരിച്ച് സ്വയം ഭരിക്കാനുള്ള അവകാശവും കടമയുമുണ്ടെന്ന" കൗൺസിൽ പ്രഖ്യാപനത്തിന് (പൗരസ്ത്യസഭകളെ 5) ഇവിടെ പ്രസക്തി വർദ്ധിക്കുന്നു.

റോമിൽനിന്ന് 1980 ലും 1983 ലും 1985 ലും സീറോ മലബാർ സഭയിലെ മെത്രാൻമാർക്ക് നല്കിയിട്ടുള്ള നിർദ്ദേശങ്ങളിൽ അനുകൂലമായവ മാത്രം പ്രചരിപ്പിച്ച് ഏകപക്ഷീയമായ ഒരു ചിന്താഗതി വളർത്തുവാൻ ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ അവയുടെ മറുവശം ചൂണ്ടിക്കാട്ടി സത്യാവസ്ഥ അറിയിക്കുവാൻ സഹായിക്കുകയെന്ന ധാർമ്മിക ഉത്തരവാദിത്വം ഇതേപ്പറ്റി അറിവു ലഭിക്കാൻ ഇടവന്ന വ്യക്തികളെന്ന നിലയിൽ ഞങ്ങളുടെ കടമയാണെന്ന് ഞങ്ങൾ കരുതുന്നു. 1985-ലെ നിർദ്ദേശങ്ങളിൽ കാണുന്ന സ്വാഗതാർഹമായ ചില പ്രസ്താവങ്ങൾ താഴെ ചേർക്കുന്നു.

1. റീത്തും (Rite) അനുഷ്ഠാനവും (Celebration) തമ്മിൽ വ്യത്യാസമുണ്ട്. റോം അംഗീകരിക്കുന്ന പ്രാർത്ഥനകളും ക്രമവിധികളും അതേപടി ചേർത്തു പ്രസിദ്ധീകരിക്കുന്നതായിരിക്കും റീത്ത്. അതിൽ വ്യതിയാനങ്ങൾ പാടില്ല. അനുഷ്ഠാനം എന്നുപറഞ്ഞാൽ ഔദ്യോഗിക ടെക്സ്റ്റിന്റെ ചുവടുപിടിച്ച് പരികർമ്മം ചെയ്യേണ്ടവിധം. അനുഷ്ഠാനത്തിൽ നീക്കുപോക്കുകൾ (Adjustments) വരുത്താം. പരികർമ്മം ചെയ്യുമ്പോൾ അനിർവാര്യവും ന്യായവുമായ അനുരൂപണങ്ങൾ (inevitable and legitimate adaptations) ആവശ്യമാണെന്ന് റോമൻ രേഖ പ്രസ്താവിക്കുന്നുണ്ട്. ഈ അനുരൂപണങ്ങൾ ലിറ്റർജി പരികർമ്മം ചെയ്യപ്പെടുന്ന ദേവാലയത്തിന്റെ ഘടന, പങ്കെടുക്കുന്ന സമൂഹത്തിന്റെ വലിപ്പം, അതാതു സ്ഥലത്തെ പതിവുകൾ തുടങ്ങിയവ പരിഗണിച്ചുകൊണ്ടായിരിക്കണമെന്നും സൂചനയുണ്ട്. (കോട്ടയത്ത് പ. പിതാവ് അർപ്പിച്ച റാസയിൽ ഈ സ്വാതന്ത്ര്യം ഉപയോഗിക്കുകയുണ്ടായി. മൂന്നു സങ്കീർത്തനങ്ങൾ വേണ്ട മർമ്മീസയിൽ ഒരു സങ്കീർത്തനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. നിയമമനുസരിച്ച് 4വായനകളാ

ണുള്ളത്. അതിൽ ചരിത്രഗ്രന്ഥത്തിൽ നിന്നുള്ള ആദ്യത്തെ വായന വിട്ടുകളഞ്ഞു. സമാപനാശീർവാദത്തിനു മുമ്പുള്ള "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ"- എന്ന പ്രാർത്ഥനയും ഉപേക്ഷിച്ചു). ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും റാസ വേണമെന്നാണ് വയ്പ്. അത് പ്രായോഗികമാണോ, പട്ടണപ്രദേശങ്ങളിലും മറ്റും അതിൽ സംബന്ധിക്കാൻ എത്രപേർ ഉണ്ടാകും എന്നെല്ലാം അനുഭവജ്ഞാനമുള്ള വികാരിമാരും ജനങ്ങളും കൂടി ആലോചിക്കുകയും വല്ല നീക്കുപോക്കുകളും ആവശ്യമെങ്കിൽ അതിനായി ശ്രമിക്കുകയും ചെയ്യാവുന്നതാണ്.

2. കുരിശുവരച്ചുകൊണ്ട് കുർബാന തുടങ്ങുന്നതിൽ വിരോധമില്ല. മാത്രമല്ല, ഇപ്പോഴും ചെയ്യുന്നതുപോലെ ഇടത്തുനിന്ന് വലത്തോട്ടു കുരിശു വരയ്ക്കാവുന്നതാണ് (1983-ലെ നിർദ്ദേശത്തിൽ കുരിശുവര പാടില്ലെന്നു പറഞ്ഞിരുന്നു).
3. കുർബാനയുടെ ആരംഭത്തിൽ നിയോഗ വിശദീകരണം നടത്താം (പാടില്ലെന്നായിരുന്നു 1983-ലെ നിർദ്ദേശം).
4. കുർബാനയുടെ ആരംഭത്തിലെ 'പുഖ്ദാന കോൻ-പുഖ്ദാനെ ദമശീഹ' റാസയിൽ മാത്രമേ നിർബന്ധിതമായിട്ടുള്ളു.
5. കാറോസൂസ പ്രാർത്ഥനകളുടെ എണ്ണം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. അവയുടെ രീതി (form) യിൽ വ്യതിയാനം പാടില്ലെന്നേയുള്ളു (1983-ൽ എണ്ണം കുറയ്ക്കാൻ അനുവദിച്ചിരുന്നില്ല).
6. വേദാർത്ഥികളെ പിരിച്ചുവിടുന്ന ഭാഗം അനുചിതമെങ്കിൽ ഉപേക്ഷിക്കാനുള്ള അനുവാദം കാർമ്മികനുണ്ടായിരിക്കും (1983-ൽ ആ ഭാഗം നിർബന്ധിതമായിരുന്നു).
7. അനാഫൊറായുടെ ഇടയ്ക്കുള്ള ചില 'കൂശാപ്പ്' പ്രാർത്ഥനകളും ഉപേക്ഷിക്കാം.
8. കാഴ്ചവെപ്പു സമയത്ത് പീലാസകൊണ്ട് കാസയിൻമേൽ മൂന്നു പ്രാവശ്യം മുട്ടേണ്ടതില്ല.
9. 'നമുക്കു പ്രാർത്ഥിക്കാം' എന്നു പറഞ്ഞശേഷം കാർമ്മികനും യുക്താനുസരണം അല്പസമയം നിശബ്ദത പാലിക്കാം (1983-ൽ ഇതു നിരോധിച്ചിരുന്നു).

10. ജനാഭിമുഖ കുർബാന നിലവിലുള്ള ഇടവകകളിൽ തല്ക്കാലത്തേയ്ക്ക് അതു തുടരാവുന്നതാണ്. 1983 ഡിസംബറിൽ റോമ സന്ദർശിച്ച ആർച്ചു ബിഷപ്പ് പടിയറ വഴി പൗരസ്ത്യതിരുസംഘം സീറോ മലബാർ ബിഷപ്സ് കോൺഫറൻസിനെ അറിയിച്ച ആ വസ്തുത 1985-ൽ ആവർത്തിച്ചിരിക്കുന്നു.
11. ഭാരതീയ വത്കരണത്തിന് റോം എതിരല്ല ബിഷപ്സ് കോൺഫറൻസ് ആവശ്യപ്പെടണമെന്നു മാത്രം. ഭാരതീയ ഗാനരീതികളും മറ്റും കുർബാനയിൽ ഉപയോഗിക്കുന്നതിൽ വിരോധമില്ല. രചനകളും ബൈബിളിൽ അധിഷ്ഠിതമായിരിക്കണമെന്നേയുള്ളു.

ഉപസംഹാരം

സീറോമലബാർ സഭയുടെ റാസക്രമം മാത്രമാണ് ഇപ്പോഴും തയ്യാറായിരിക്കുന്നത്. സാധാരണ കുർബാന (Simple Mass), കാനോന നമസ്ക്കാരം, കൂദാശകളും, പൊൻറിഫിക്കൽ, കൂദാശാനുകരണങ്ങളും തുടങ്ങി പല ലിറ്റർജിക്കൽ ഗ്രന്ഥങ്ങളും, ഇനിയും ഔദ്യോഗികമായി പ്രസിദ്ധീകരിക്കാനുണ്ട്. അതുകൊണ്ട് ഇവയെപ്പറ്റി പഠിക്കാനും അറിയാനും നിർദ്ദേശങ്ങളും നല്കാനുമുള്ള ഉത്തരവാദിത്വത്തിൽനിന്ന് സഭാസ്നേഹികളും ലിറ്റർജിയുടെ ആവശ്യകതയെപ്പറ്റി ബോധ്യവുമുള്ള ആരും പിൻമാറാൻ പാടില്ലാത്തതാകുന്നു.

കേരളത്തിലെ സെൻറ് തോമസ് ക്രിസ്ത്യാനികളുടെ പാരമ്പര്യത്തിന്റെ വലിയൊരു സവിശേഷതയായി ചൂണ്ടിക്കാണിക്കുന്നത് സഭാ ജീവിതത്തിൽ വൈദികർക്കും അത്മായർക്കുമുള്ള പങ്കാളിത്തമാണ്. സഭയുടെ സ്ഥാവരജംഗമ വസ്തുക്കളും കൈകാര്യം ചെയ്യുന്നതിൽ മാത്രമല്ലല്ലോ ആ ഭാഗഭാഗിത്വം ആവശ്യമായിരിക്കുക. സഭാ ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായ ആരാധനക്രമത്തിന്റെ അജപാലനരംഗത്ത് വ്യാപൃതരായിരിക്കുന്ന വൈദികർക്കും അവരോടൊപ്പം പ്രവർത്തിക്കുന്ന സന്യസ്തർക്കും അതിൽ നിന്ന് ഫലമെടുക്കാൻ ആഗ്രഹിക്കുന്ന അത്മായർക്കും അഭിപ്രായം പോലും പറയാൻ അവകാശമില്ലെന്നു വരിക പ്രബുദ്ധരായ

കേരളത്തിലെ ക്രൈസ്തവരെ സംബന്ധിച്ച് അസ്വീകാര്യമായിരിക്കും. നമ്മുടെ പ്രബുദ്ധതയ്ക്കും ചലനാത്മകതയ്ക്കും ജോൺപോൾ രണ്ടാമൻ അംഗീകാരം നല്കിയിട്ടുണ്ടെന്ന വസ്തുത ചാരിതാർത്ഥ്യജനകമാണ്. ഔദ്യോഗിക സന്ദർശനാർത്ഥം വത്തിക്കാനിലെത്തിയ സീറോ മലബാർ – മലങ്കര മെത്രാൻമാരെ അഭിസംബോധന ചെയ്തുകൊണ്ട് പ. പിതാവു പറഞ്ഞു: "പൗരസ്ത്യ സഭകളെപ്പറ്റി പറയുമ്പോഴും അവരുടെ ആദരണീയമായ പഴമയെയും സമ്പന്നമായ പാരമ്പര്യത്തെയും പരാമർശിക്കുക സാധാരണമാണ്. അത് ശരിയും നല്ലതുമാണ്. എന്നാൽ ഭാരതത്തിലെ പൗരസ്ത്യസഭകളും അനിതര സാധാരണമായ യുവത്വം (youthfulness) പ്രകടിപ്പിക്കുന്നവയാണ്. നിങ്ങളുടെ ചലനാത്മകതയും അപ്പസ്തോലികവും സഭാപരവുമായ സാക്ഷ്യവും സാർവ്വത്രികസഭയ്ക്കാവശ്യമുണ്ട്" (Osservatore Romano, Jan 20, 1986, P.8). മറ്റു പൗരസ്ത്യസഭകളെ അപേക്ഷിച്ച് നമ്മിൽ നിന്ന് മാർപാപ്പാ പലതും പ്രതീക്ഷിക്കുന്നുണ്ട്. അതുകൊണ്ട് പാരമ്പര്യത്തിലും പഴമയിലും മാത്രം ആശ്രയിച്ച് പുനരുദ്ധാരണം നടത്തിയാൽ പോരാ, ക്രിയാത്മകതയോടുകൂടി പരിഷ്കരണവും അനുരൂപണവും നടത്തി മറ്റു പൗരസ്ത്യസഭകൾക്കുകൂടി നമുക്ക് മാതൃക നല്കാം. ഈ കൂട്ടായ പ്രവർത്തനത്തിൽ സീറോമലബാർ സഭാംഗങ്ങൾ മുന്നോട്ടു വരുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

സീറോ മലബാർ സെൻട്രൽ ലിറർജിക്കൽ കമ്മറ്റി അംഗങ്ങളായ

ഫാ. സീലാസ് സി. എം. ഐ,
രാജഗിരി
കളമശ്ശേരി

ഫാ. ജോസ് കണ്ടത്തിക്കുടി
സെൻറ് വിൻസെൻറ് ചർച്ച്
കൽപ്പറ്റ

★

Printed Book

Printed Book

To .....

.....

.....

.....